श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**സംഗ്രഹം**

**അക്കാദമിക്- വിദ്യാർഥികൾ ഇ-ഗ്രാന്റ്സ് തുകയിൽ നിന്നും സർവകലാശാലയിലേക്കുള്ള ഫീസ് കൃത്യമായി ഒടുക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**അക്കാദമിക് സി വിഭാഗം**

01772 / ACDC2 / SSUS / 2023 (1) തീയതി,കാലടി,05-02-2024

---

പരാമർശം : 1 . എസ്.സി./എസ്.ടി. കോർഡിനേറ്ററുടെ കത്ത്.

2 . 19.12.2023ലെ 213-ാമത് സിൻഡിക്കേറ്റ് യോഗത്തിന്റെ 10 -ാം നമ്പർ( അഡിഷണൽ അജണ്ട) തീരുമാനം.

**ഉത്തരവ്**

ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അക്കൗണ്ടിൽ ലഭിച്ചിട്ടും വിദ്യാർഥികൾ ടി തുകയിൽ നിന്നും സർവ്വകലാശാലയിലേയ്ക്കുള്ള ഫീസ് അടയ്ക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ, കൃത്യമായി ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളിൽ നിന്നും പ്രവേശനസമയത്ത് സത്യവാങ്മൂലം വാങ്ങാവുന്നതാണെന്ന എസ്.സി./എസ്.ടി. സെൽ കോർഡിനേറ്റർ പരാമർശം(1) പ്രകാരം അറിയിച്ചിരുന്നു.

ടി വിഷയം 19.12.2023ലെ 213-ാമത് സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം പരിഗണിക്കുകയും, 13.11.2023 -ലെ സ്റ്റുഡന്റ്സ് വെൽഫെയർ സ്ഥിരം സമിതിയുടെയും, 11.12.2023 -ലെ ഫിനാൻസ്, അക്കൗണ്ട്സ്& ഓഡിറ്റ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് എസ്.സി/ എസ്.ടി. കോർഡിനേറ്റർ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ മാതൃക ഭേദഗതികളോടെ അംഗീകരിക്കുവാനും വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിക്കുമ്പോൾ പട്ടികജാതി വികസന വകുപ്പ് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന്നിഷ്കർഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതോടൊപ്പം പട്ടിക ജാതി വികസന വകുപ്പിൽ നിന്നും വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നേരിട്ട് ലഭ്യമാക്കുന്നുണ്ടെന്നും ടി വിദ്യാർഥികൾ യഥാസമയം സർവ്വകലാശാലയ്ക്ക് ഫീസ് ഒടുക്കുന്നുണ്ടെന്നും പ്രാദേശികകേന്ദ്രങ്ങളിലെ /വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണമെന്നും, ഫീസ് കൃത്യമായി അടയ്ക്കാത്ത പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയച്ചു നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്.

സർവ്വകലാശാല സിൻഡികേറ്റിന്റെ മേൽ തീരുമാനങ്ങൾ നടപ്പിലാക്കുവാനും താഴെ പറയുന്നവയ്ക്ക് അംഗീകാരം നൽകുവാനും ബഹു. വൈസ് ചാൻസലർ ഉത്തരവാകുന്നു.

- ഇ-ഗ്രാന്റ്സ് ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അനുബന്ധം I -ന്റെ മാതൃകയിൽ സത്യവാങ്മൂലം വാങ്ങുന്നതിന്.
- ഫീസ് അടയ്ക്കാത്ത വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിക്കുമ്പോൾ പട്ടികജാതി വികസന വകുപ്പ് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്നതിന്.
- പട്ടിക ജാതി വികസന വകുപ്പിൽ നിന്നും വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നേരിട്ട് ലഭ്യമാക്കുന്നുണ്ടോ എന്നും അവർ യഥാസമയം സർവ്വകലാശാലയ്ക്ക് ഫീസ് ഒടുക്കുന്നുണ്ടോയെന്നും

പ്രാദേശികകേന്ദ്രങ്ങളിലെ/വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണമെന്ന് നിഷ്കർഷിക്കാൻ.

- ഫീസ് കൃത്യമായി അടയ്ക്കാത്ത പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയച്ചു നൽകുന്നതിന്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഒപ്പ്
**ഡോ. ഉണ്ണികൃഷ്ണൻ പി**
**രജിസ്ട്രാർ (ഇൻചാർജ്)**

പകർപ്പ്:

1. എസ് .സി./എസ്.ടി. സെൽ കോർഡിനേറ്റർ.
2. എല്ലാ വകുപ്പുമേധാവിമാർ/ക്യാംപസ് ഡയറക്ടർമാർ.
3. വി.സി./പി.വി.സി./രജിസ്ട്രാർ എന്നിവരുടെ പി.എസ്.-മാർ.
4. ജെ.ആർ./ഡി.ആർ./എ.ആർ(അക്കാദമിക്)
5. ഐ.ടി. വിഭാഗം (വെബ്സൈറ്റിൽ നൽകുന്നതിന്)
6. ക്യാഷ്/അക്കൗണ്ട്സ്/ഡി.എസ്.എസ്.
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by Anitha T David
Date: 2024-02-07 16.02.45 +0530

സെക്ഷൻ ഓഫീസർ